**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 119** **30-08-2022 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാര പ്രോത്സാഹനത്തിന് പുതിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം മുകേഷ് ,<br>ശ്രീ ഒ . ആർ. കേളു,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. എ. രാജ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തിന്റെ തനത് സംസ്കാരവും കലയും ഭക്ഷ്യ വിഭവങ്ങളും വിദേശ, ആഭ്യന്തര വിനോദസഞ്ചാരികൾക്ക് അനുഭവവേദ്യമാക്കി വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | നമ്മുടെ നാടിന്റെ സംസ്കാരവും കലയും ഭക്ഷ്യ വിഭവങ്ങളും ഇവിടം സന്ദർശിക്കുന്ന വിനോദസഞ്ചാരികൾക്ക് പരിചയപ്പെടുത്തുന്നതിനും അതുവഴി സംസ്ഥാനത്തിന്റെ ടൂറിസം വികസനം സാധ്യമാകുന്നതിനും വേണ്ടി നിരവധിയായ പ്രവർത്തനങ്ങൾ ടൂറിസം വകുപ്പ് നടപ്പാക്കി വരുന്നു. കേരളത്തിലെ മൺമറഞ്ഞുകൊണ്ടിരിക്കുന്ന നമ്മുടെ പൈതൃകകലകളെ വിനോദസഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുന്നതിന് ആവിഷ്കരിച്ച "ഉത്സവം" പരിപാടി കഴിഞ്ഞ 15 വർഷമായി സംഘടിപ്പിച്ചു വരുന്നു. കൂടാതെ നാടൻ കലകളും നാടൻ ഭക്ഷണവും വിനോദസഞ്ചാരികൾക്ക് ആസ്വദിക്കുന്നതിനായി ഉത്തരവാദിത്ത ടൂറിസം മിഷൻ വഴി പ്രത്യേക പാക്കേജുകൾ ആവിഷ്കരിച്ചിട്ടുണ്ട്. ടൂറിസം വകുപ്പിന്റെ വെബ്സൈറ്റുകൾ, ബ്രോഷറുകൾ എന്നിവ വഴിയും നമ്മുടെ നാടിന്റെ കലയും ഭക്ഷണവും സംസ്കാരവും വിനോദസഞ്ചാരികൾക്ക് പരിചയപ്പെടുത്തുന്നുണ്ട്. കേരള ടൂറിസം സംഘടിപ്പിച്ച കേരള ക്യൂസിൻ മത്സരം കേരളത്തിന്റെ ഭക്ഷ്യവിഭവങ്ങൾ പുറംലോകത്തിന് പരിചയപ്പെടുത്തുന്നതിൽ ശ്രദ്ധേയമായ പങ്ക് വഹിച്ചിട്ടുണ്ട്. കൂടാതെ ടൂറിസം വകുപ്പ് സംഘടിപ്പിക്കുന്ന ഓണാഘോഷത്തോടനുബന്ധിച്ച് തനത് കലകളും സംസ്കാരവും പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നിരവധി കലാപരിപാടികൾ ഓണക്കാലത്ത് അവതരിപ്പിച്ചു വരുന്നു. ഇത്തരം കലാപരിപാടികളുടെ വിശദാംശങ്ങൾ ടൂറിസം വകുപ്പിന്റെ പ്രചരണോപാധികൾ വഴി വിനോദസഞ്ചാരികൾക്ക് ലഭ്യമാക്കി വരുന്നു. നമ്മുടെ കലയും സംസ്കാരവും വിനോദസഞ്ചാരികൾക്കിടയിൽ പ്രചരിപ്പിക്കുന്നതിന് വേണ്ടി ടൂറിസം വകുപ്പ് ഓണത്തിന് മാത്രമായി ഒരു പ്രത്യേക മൈക്രോസൈറ്റ് തുടങ്ങിയിട്ടുണ്ട്. ഇതോടൊപ്പം കേരളത്തിന്റെ മാത്രം പ്രത്യേകതയായ |

| | | | |
|---|---|---|---|
| | | | അത്തപ്പൂക്കളം പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി ഓണക്കാലത്ത് ഒരു ഓൺലൈൻ അത്തപ്പൂക്കള മത്സരം ഈ വർഷവും സംഘടിപ്പിക്കുന്നതാണ്. നമ്മുടെ പ്രധാനപ്പെട്ട എല്ലാ കലാരൂപങ്ങളെ സംബന്ധിച്ചും ഭക്ഷണത്തെ സംബന്ധിച്ചും പ്രത്യേകം വീഡിയോ തയ്യാറാക്കുകയും അത് വിനോദസഞ്ചാരികൾക്കായി പ്രചരിപ്പിക്കുകയും ചെയ്തു വരുന്നു. |
| (ബി) | ഓണാഘോഷത്തിന് ഉത്സവഛായ പകർന്നുകൊണ്ട് ലോക പൂക്കള മത്സരവും പാചക മത്സരവും നടത്തി കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; | (ബി) | ഓണക്കാലത്ത് ആഭ്യന്തര വിനോദ സഞ്ചാരികളുടെ വലിയതോതിലുള്ള വരവ് ടൂറിസം വകുപ്പ് പ്രതീക്ഷിക്കുന്നുണ്ട്. നമ്മുടെ നാടിന്റെ തനത് കലകളുടെ അവതരണത്തിന് കൂടുതൽ മുൻഗണന നൽകിയാണ് ഈ വർഷത്തെ ഓണാഘോഷത്തിന് കലാപരിപാടികൾ നിശ്ചയിച്ചിരിക്കുന്നത്. അതോടൊപ്പംതന്നെ ലോകവ്യാപകമായി മലയാളികളെ ഓണാഘോഷത്തിന്റെ ഭാഗമാക്കുന്നതിനായി ഓൺലൈൻ അത്തപ്പൂക്കളമത്സരവും സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കേരളീയ ഭക്ഷ്യ വിഭവങ്ങൾ പരിചയപ്പെടുത്താൻ ഓൺലൈൻ പാചക മത്സരം ടൂറിസം വികസനത്തിന്റെ ഭാഗമായി സംഘടിപ്പിക്കുകയും പൂർത്തിയാക്കുകയും ചെയ്തു |
| (സി) | സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങൾ ആകർഷകവും എത്തിപ്പെടാൻ അനായാസകരവും ആക്കുന്നതിനോടൊപ്പം വിനോദസഞ്ചാരികൾക്ക് സുരക്ഷയും കാഴ്ചകൾ നിർഭയമായി ആസ്വദിക്കാനുള്ള സാഹചര്യവും ഒരുക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ? | (സി) | സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളെ ആകർഷകവും അനായാസകരവും ആക്കുന്നതിനായി തെരെഞ്ഞെടുത്ത 84 വിനോദസഞ്ചാര കേന്ദ്രങ്ങൾ ഭിന്നശേഷി സൗഹൃദമാക്കി മാറ്റിയിട്ടുണ്ട്. ഇതിന് ആഗോളതലത്തിൽ UNWTO യുടെ അംഗീകാരവും ലഭിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ടൂറിസം കേന്ദ്രങ്ങളിൽ റാമ്പുകൾ, കൈവരികൾ, ഭിന്നശേഷി സൗഹൃദ ടോയിലറ്റുകൾ, കാഴ്ച പരിമിതിയുള്ളവർക്ക് ടാക്ടൈൽ ടൈലുകൾ, ബ്രയിലി സൈനേജുകൾ, വീൽചെയറുകൾ, ക്രച്ചസ്സുകൾ എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ടൂറിസം മേഖലയിലെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന്റെ ഭാഗമായി വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനുകൾക്ക് പ്രത്യേക നിരീക്ഷണത്തിന് പോലീസ് വകുപ്പ് മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്. മാത്രവുമല്ല, പ്രത്യേകം പരിശീലനം ലഭിച്ച ടൂറിസം പോലീസിനെ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ വിന്യസിച്ചിട്ടുണ്ട്. കേരളത്തിലെ 14 ജില്ലകളിലായി 184 ടൂറിസം പോലീസിനെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ ടൂറിസം പോലീസിന്റെ എണ്ണം കൂട്ടുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | ടൂറിസം കേന്ദ്രങ്ങളെ സുരക്ഷിതമാക്കുന്നതിനായി നിരീക്ഷണ ക്യാമറ സംവിധാനം നടപ്പിലാക്കുന്ന പദ്ധതി വകുപ്പ് സ്വീകരിച്ചുവരികയാണ്. ഇപ്പോൾ തിരുവനന്തപുരം ജില്ലയിലെ കോവളം ടൂറിസം ഡെസ്റ്റിനേഷൻ, വേളി, കനകക്കുന്ന് എന്നീ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറ സംവിധാനമേർപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിന് ടൂറിസം വകുപ്പ് പോലീസ് അധികാരികൾ, ഇതര വകുപ്പുകൾ എന്നിവരുമായി ചേർന്നു നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>കടലോരങ്ങൾ, കായലുകൾ, നദികൾ, തടാകങ്ങൾ തുടങ്ങിയ ടൂറിസം കേന്ദ്രങ്ങളിൽ അപകടങ്ങളോ, ജീവഹാനിയോ സംഭവിക്കാൻ സാധ്യതയുള്ളതിനാൽ പ്രത്യേകം പരിശീലനം നേടിയ ലൈഫ് ഗാർഡുകളുടെ സേവനം ബീച്ചുകളിലും മറ്റു ചില മേഖലകളിലും ഉറപ്പാക്കിയിട്ടുണ്ട്.. സംസ്ഥാനത്തൊട്ടാകെ ഇത്തരത്തിൽ 139 ലൈഫ് ഗാർഡുകൾ സേവനം അനുഷ്ഠിക്കുന്നു. ഇവർക്കു കൂടുതൽ പരിശീലനവും ആവശ്യമായ ജീവൻ രക്ഷാ ഉപകരണങ്ങളും നൽകിയിട്ടുണ്ട്.<br><br>കൂടാതെ സ്ത്രീ സൗഹൃദ വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടിയിട്ടുള്ള ഒരു ബ്രെയിൻ സ്റ്റോമിങ് വർക്ക്ഷോപ്പ് ഒക്ടോബർ മാസത്തിന് മുൻപായി സംസ്ഥാനത്തു നടത്തുവാൻ ആലോചനയുണ്ട്. കുട്ടികളുടെ സുരക്ഷിതത്വത്തിനു വേണ്ടി സീറോ ടോളറൻസ് സോൺ ക്യാമ്പയിൻ ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ